| 05-08-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ- നിങ്ങളിപ്പോൾ മൂന്നും കൂടിയ വഴിയിൽ നിൽക്കുകയാണ്, ഒരു ഭാഗത്ത് ദു:ഖധാമം, മറുഭാഗത്ത് ശാന്തിധാമം, മൂന്നാമത് സുഖധാമം, നിങ്ങൾക്ക് ഏത് ഭാഗത്തേക്ക് പോകണം എന്ന് ഇപ്പോൾ തീരുമാനിക്കൂ.**

**ചോദ്യം**-ഏതൊരു നിശ്ചയത്തിന്റെ ആധാരത്തിലാണ് നിങ്ങൾ കുട്ടികൾക്ക് സദാ ഹർഷിതരായി ഇരിക്കാൻ സാധിക്കുക?

**ഉത്തരം**- ഏറ്റവും ആദ്യം നിശ്ചയമുണ്ടാകണം, ഞങ്ങൾ ആരുടേതായി മാറിയിരിക്കയാണ്! ബാബയുടേതാകുന്നതിന് ഏതെങ്കിലും വേദ ശാസ്ത്രങ്ങൾ തുടങ്ങിയ പുസ്തകങ്ങൾ പഠിക്കേണ്ട കാര്യമില്ല. രണ്ടാമത്തെ നിശ്ചയമുണ്ടാകേണ്ടത്, ഞങ്ങളുടെ കുലം ഏറ്റവും ശ്രേഷ്ഠമായ ദേവതാ കുലമാണ് - ഈ സ്മൃതിയിലൂടെ മുഴുവൻ ചക്രവും ഓർമ്മയിൽ വരും. ബാബയുടേയും ചക്രത്തിന്റേയും സ്മൃതിയിൽ ഇരിക്കുന്നവർ സദാ ഹർഷിതരായി ഇരിക്കും.

**ഗീതം**-ആരോ എന്നെ സ്വന്തമാക്കി പുഞ്ചിരിക്കാൻ പഠിപ്പിച്ചു.......

**ഓംശാന്തി.** നിങ്ങൾ കുട്ടികൾക്ക് ആദ്യമാദ്യം സന്തോഷമുണ്ടാകുന്നു- ഞങ്ങൾ ആരുടേതായിരിക്കയാണ്! ഞങ്ങൾ ഗുരുവിന്റേതായി എന്ന് പറയില്ല. ആകേണ്ടത് ബാബയുടേതാണ്. ശരീരം ഉപേക്ഷിച്ചാലും പിന്നീട് ബാബയുടേതാകുന്നു. ഇവിടേയും ബാബയുടേതാകണം. വേദ ശാസ്ത്രങ്ങളുടെ ഒന്നും ആവശ്യമില്ല. കുട്ടി ജനിക്കുമ്പോൾ എന്റെ സമ്പത്തിന്റെ അവകാശിയാണ് ഇത് എന്ന് അച്ഛൻ മനസിലാക്കുന്നു. ബന്ധത്തിന്റെ കാര്യമാണ്. നിങ്ങൾ കുട്ടികൾക്കുമറിയാം ഞങ്ങൾ മുമ്പും പാരലൗകീക അച്ഛനായ ശിവബാബയുടെ കുട്ടികളായിരുന്നു എന്ന്. ആദ്യം നമ്മൾ ആത്മാവാണ്, പിന്നീട് നമുക്ക് ശരീരം ലഭിക്കുന്നു. നിങ്ങൾക്ക് ശരീരം ഉണ്ടല്ലോ. ഇപ്പോൾ നിങ്ങൾക്ക് പരിധിയില്ലാത്ത അച്ഛനെ ലഭിച്ചു. ആ ബാബ വന്ന് തന്റെ പരിചയം നൽകി. നിങ്ങൾ പറയുന്നു ബാബാ ഞങ്ങൾ അങ്ങയുടേതാണ്, മറ്റ് ആരുമായും ഞങ്ങൾക്ക് യാതൊരു സംബന്ധവും ഇല്ല. ബാബയുടെ കുട്ടിയായി. ബാബ പറയുന്നു ഞാൻ ഗുരുവും സന്യാസിയും ഒന്നുമല്ല. ബോർഡിലും ബ്രഹ്മാകുമാർ കുമാരിമാരുടെ പേര് എഴുതിയിരിക്കുന്നതിനാൽ തീർച്ചയായും അച്ഛനും ഉണ്ടാകും. ഞങ്ങൾ ബ്രഹ്മാകുമാർ കുമാരിമാരാണ് എന്ന് എഴുതിയിരിക്കുന്നു. ഇത് ബന്ധുത്വം ആയില്ലേ. മാതാപിതാവിന്റേയും സംബന്ധം വേണം. പാടാറുമുണ്ട് അങ്ങ് മാതാവും പിതാവും ഞങ്ങൾ അങ്ങയുടെ കുട്ടികൾ......ആത്മാവിന് അത് അവിനാശീ ഓർമ്മ പോലെയാണ്. ഞങ്ങൾ എപ്പോൾ അങ്ങയുടെ കുട്ടികളായോ അപ്പോൾ സമ്പത്തെടുക്കും. ഇപ്പോൾ നിങ്ങൾക്കറിയാം ഞങ്ങൾ മാതാ-പിതാവിന്റേതായി എന്ന്. ഞങ്ങൾ ശിവബാബയുടെ കുട്ടികളാണ് എങ്കിൽ തീർച്ചയായും ബാബയുടേയും സമ്പത്തിന്റേയും ഓർമ്മ വരുന്നു. നിങ്ങൾക്ക് ഏതെങ്കിലും പുസ്തകവും മറ്റും പഠിക്കേണ്ട കാര്യമില്ല, നിങ്ങൾക്ക് നിശ്ചയമുണ്ടായാൽ മാത്രം മതി. ബാബയുടേതായി എങ്കിൽ ഇപ്പോൾ ബാബയെ ഓർമ്മിക്കൂ.

ബാബ പറയുന്നു എന്നെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ ഇങ്ങിനെ (ലക്ഷ്മീ-നാരായണൻ) ആയി തീരും. എത്ര സഹജമായ കാര്യമാണ്. വിശാലബുദ്ധിയാകണമല്ലോ. മറ്റൊന്നും തന്നെ മനസിലാക്കി തരുന്നില്ല തന്റെ കുലത്തിന്റെ കാര്യം മാത്രം മനസിലാക്കി തരുന്നു, എങ്ങിനെ നമ്മൾ 84 ചക്രത്തിൽ വരുന്നു എന്ന്. ബാക്കി വേദശാസ്ത്രങ്ങളും മറ്റും പഠിക്കുന്നതിൽ നിന്നും നിങ്ങളെ മോചിപ്പിക്കുന്നു. ബാബയേ തന്നെ ഓർമ്മിച്ച് കൊണ്ടിരിക്കണം. സൃഷ്ടി ചക്രം എങ്ങിനെ കറങ്ങുന്നു എന്ന് ബുദ്ധിയിൽ ഉണ്ട്. അതിന്റെ ആദി-മദ്ധ്യ -അന്ത്യത്തേ കുറിച്ചറിയുന്നതിലൂടെ തന്നേയാണ് നിങ്ങൾ ഉയർന്നതിലും ഉയർന്നതാകുന്നത്. സ്വർഗത്തിന്റെ അധികാരിയാകുന്നു. നിങ്ങളെ സദാ കാലത്തേക്ക് ഹർഷിതമുഖരാക്കുന്നു. എത്ര സഹജമായ കാര്യമാണ്. എന്നാൽ വീണ്ടും മറക്കുന്നു. കാരണമെന്താണ്? മാതാപിതാക്കളെ മക്കൾ ഒരിക്കലും മറക്കുന്നില്ല. അച്ഛനേയും സമ്പത്തിനേയും ഓർമ്മിക്കുകയാണെങ്കിൽ സദാ ഹർഷിതരായി ഇരിക്കാം. എന്തെങ്കിലും ദു:ഖമുണ്ടാകുകയാണെങ്കിൽ അച്ഛനെ തന്നേയാണ് ഓർമ്മിക്കുന്നത്. തീർച്ചയായും അച്ഛൻ സുഖം നൽകുന്നു. ആരെങ്കിലും ദു:ഖം നൽകുകയാണെങ്കിൽ അയ്യോ അച്ഛാ, അയ്യോ ഭഗവാനേ എന്ന് പറയുന്നു. ഓരോ ജന്മവും അയ്യോ, അയ്യോ എന്ന് വിളിച്ച് വരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികളെ തികച്ചും സഹജമായി മനസിലാക്കി തരുന്നു. നിങ്ങൾ ആരോഗ്യവാനല്ല എങ്കിലും, എത്ര രോഗിയാണെങ്കിലും നിങ്ങൾക്കും സേവനം ചെയ്യാൻ സാധിക്കും. രോഗിയാകുമ്പോൾ മനുഷ്യരോട് രാമ രാമ ജപിക്കൂ എന്ന് പറയുന്നു. നിങ്ങളും രോഗിയാകുമ്പോൾ പറയൂ- ശിവബാബയേ ഓർമ്മിക്കൂ. ഇത് തീർച്ചയായും മറ്റുള്ളവരെ ഓർമ്മിപ്പിക്കണം. മരണത്തിന്റെ അവസ്ഥയിലും നിങ്ങൾക്ക് ഈ ജ്ഞാനം മറ്റുള്ളവർക്ക് നൽകാൻ

സാധിക്കും. നിങ്ങൾ പരമാത്മാവിന്റെ കുട്ടികളാണ്, ആ പരമാത്മാവിനെ ഓർമ്മിക്കൂ. ശിവബാബ പരിധിയില്ലാത്ത അച്ഛനാണ്, ആ അച്ഛനും സമ്പത്ത് നൽകും. സേവനത്തിൽ ലഹരിയുണ്ടെങ്കിൽ മരണ സമയത്തും ആർക്കെങ്കിലും ജ്ഞാനം നൽകും. ഹോസ്പിറ്റലിൽ കിടക്കുമ്പോൾ വായ അടഞ്ഞു പോകരുത്. വായിലൂടെ എന്തെങ്കിലും വന്ന് കൊണ്ടേ ഇരിക്കണം. വളരെ നല്ല അവസ്ഥ ഉണ്ടാകേണ്ടതുണ്ട്. രോഗാവസ്ഥയിലും വളരെ നല്ല സേവനം ചെയ്യാൻ സാധിക്കും. മിത്ര സംബന്ധികൾ വരുമ്പോൾ അവരോടും പറയാം പരമാത്മാവിനെ ഓർമ്മിക്കൂ എന്ന്. ആ പരമാത്മാവ് തന്നേയാണ് സർവ്വരുടേയും രക്ഷകൻ, അതിനാൽ ആ ശിവബാബയേ ഓർമ്മിക്കൂ. ആ പരമാത്മാവ് ഒന്ന് മാത്രമാണ്. സമ്പത്തും എല്ലാവർക്കും ആ ഒന്നിൽ നിന്ന് മാത്രം ലഭിക്കുന്നു. ലൗകീക സംബന്ധത്തിൽ സമ്പത്ത് പുരുഷന് മാത്രം ലഭിക്കുന്നു. കന്യക 100 ബ്രാഹ്മണരേക്കാൾ ഉത്തമമാണ്. പവിത്രമായതിനെയാണ് ദാനം നൽകാറുള്ളത്. നിങ്ങൾ കന്യകമാർ എല്ലാവരേക്കാൾ പവിത്രമാണ് അതിനാൽ ഞങ്ങൾ കന്യകയെ ദാനം ചെയ്യുന്നു എന്ന് പറയുന്നു. അത് വലിയ ദാനമാണ് എന്ന് മനസിലാക്കുന്നു. എന്നാൽ വാസ്തവത്തിൽ അത് ദാനമൊന്നുമല്ല. ദാനം ഇപ്പോൾ നിങ്ങളാണ് ചെയ്യുന്നത്. ഞങ്ങൾ ഞങ്ങളുടെ കന്യകയെ ശിവബാബക്ക് നൽകുന്നു, സ്വർഗത്തിലെ മഹാറാണിയാക്കുന്നതിന് വേണ്ടി എന്ന് പറയുന്നു. എന്നാൽ കന്യകയും നന്നായി വിദ്യാഭ്യാസമുള്ളവരും, തന്റെ ദേവീക കുലത്തിലേയും ആണെങ്കിൽ വളരെ പെട്ടെന്ന് മനസിലാക്കും. സേവനയുക്തരാകണം. ചെറിയ കുട്ടികളെ ഏറ്റെടുക്കുകയില്ല. ശിവബാബ നിങ്ങളുടെ പരിധിയില്ലാത്ത അച്ഛനാണ് എന്ന് ആരേയും മനസിലാക്കിക്കാൻ എളുപ്പമാണ്. ചിത്രം സമീപമുണ്ട്. നോക്കൂ ഇവർ ഇങ്ങിനെ സത്യയുഗത്തിലെ സമ്പത്ത് നേടി കൊണ്ടിരിക്കുന്നു. ഈ ലക്ഷ്മീ–നാരായണന് സമ്പത്ത് എവിടെ നിന്ന് ലഭിക്കുന്നു?എത്ര സഹജമായ കാര്യമാണ് അതിനാൽ ബാബ വലിയ ചിത്രവും ഉണ്ടാക്കിച്ച് കൊണ്ടിരിക്കുന്നു. ഇപ്പോൾ ഈ നാടകം പൂർത്തിയാകുന്നു. നമ്മൾ 84 ജന്മത്തെ പാർട്ട് അഭിനയിച്ചു, ഇപ്പോൾ തിരികെ ബാബയുടെ അടുക്കൽ പോകുന്നു വീണ്ടും പുതിയ ലോകത്ത് വരും. നമ്മുടെ ബാബ പുതിയ ലോകത്തിന്റെ രചയിതാവാണ്, നമ്മളെ അതിന്റെ അധികാരിയാക്കുന്നു. പരിധിയില്ലാത്ത അച്ഛനിൽ നിന്ന് സദാ സുഖത്തിന്റെ സമ്പത്ത് നിങ്ങൾക്കെങ്ങിനെ ലഭിക്കുന്നു എന്ന മാർഗം നിങ്ങൾക്കും പറഞ്ഞ് തരുന്നു. ഞാൻ ആത്മാവാണ് എന്ന് ഓർമ്മിക്കൂ. ഞാൻ ആത്മാവ് ഭക്ഷിക്കുന്നു, ഞാൻ ആത്മാവ് നടക്കുന്നു. ഈ വളരെ നല്ല പ്രാക്ടീസ് ചെയ്യണം. ദേഹാഭിമാനം ഇല്ലാതാകുന്നു, ദേഹാഭിമാനത്തിൽ ലൗകീക സംബന്ധത്തിലെ ഓർമ്മ വരും. ദേഹീ– അഭിമാനിക്ക് പാരലൗകീക അച്ഛന്റെ ഓർമ്മ വരും. ഞാൻ ആത്മാവാണ്– ഇത് നിൽക്കുമ്പോഴും – ഇരിക്കുമ്പോഴും – നടക്കുമ്പോഴും ബുദ്ധിയിൽ വെക്കണം. ബാബയുടെ മതമനുസരിച്ച് നടക്കണം. ശിവബാബ മതം നൽകി കൊണ്ടിരിക്കുന്നു – സ്വയം ആത്മാവെന്ന് മനസിലാക്കൂ. പരിശ്രമിക്കണം. സ്വർഗത്തിലെ അംഗമായി മാറും. എന്നാൽ അൽപ്പം കൊണ്ടുമാത്രം തൃപ്തരാകരുത്.സ്വർഗത്തിൽ പോകും, എന്നാൽ പക്കയായ ഒന്നാനമ്മയുടെ കുട്ടിയാകൂ. ആരാണോ ബാബ്ദാദയെ തന്നെ ഓർമ്മിക്കുന്നത് അവരേയാണ് ഒന്നാനമ്മയുടെ കുട്ടി എന്ന് പറയുന്നത്. എന്നാൽ മറ്റാരുടേയെങ്കിലും ഓർമ്മ വരികയാണെങ്കിൽ അവർ രണ്ടാനമ്മയുടേതായി തീരും. രണ്ടും ഓർമ്മിക്കുന്നവർ ധാരാളമുണ്ട്. അവിനാശീ സ്വർഗത്തിന്റെ സമ്പത്ത് തരുന്ന അച്ഛനാണ് ഇത്. ഇതും കുലമാണ്, അതും കുലമാണ്. അവരിൽ നിന്ന് ദു:ഖം മാത്രമാണ് ലഭിക്കുന്നത്. അൽപ്പകാല ക്ഷണഭംഗുര സുഖത്തിന്റെ സമ്പത്ത് ലഭിക്കുന്നു. ഇപ്പോൾ ബുദ്ധിയുപയോഗിച്ച് ചെക്ക് ചെയ്യണം ഞങ്ങൾ ഏത് ഭാഗത്തേക്ക് പോയി കൊണ്ടിരിക്കുന്നു ഏത് ഭാഗത്തേക്ക് പോകണം? ലൗകീക ഭാഗത്തേക്കോ അതോ പാരലൗകീക ഭാഗത്തേക്കോ ? ബുദ്ധി പറയുന്നു ബാബയുടേതായി എങ്കിൽ എന്ത് കൊണ്ട് സ്വർഗത്തിന്റെ ഭാഗത്തേക്ക് പോയിക്കൂടാ? ലൗകീക സംബന്ധത്തിൽ നിന്ന് ജീവിച്ചിരിക്കെ മരിക്കണം. പാരലൗകീക അച്ഛന്റേതാകുന്നതിലൂടെ സ്വർഗത്തിന്റെ അധികാരിയാകും. ഇവിടെ നരകത്തിന്റെ അധികാരിയാകുന്നു. ഇപ്പോൾ ആത്മാവ് പറയുന്നു ബുദ്ധിയെ എവിടെ ബന്ധിക്കണം? തന്റെ ശാന്തീധാം, സുഖധാമിൽ പോകണോ അതോ ഇവിടെ വരണോ? വാസ്തവത്തിൽ ഇവിടെ വരണം എന്ന് തോന്നാനേ പാടില്ല. ഇവിടെ ജന്മജന്മാന്തരം വസിച്ചു. ഇപ്പോൾ ഞങ്ങൾ പാരലൗകീക അച്ഛനെ ഒരിക്കലും ഉപേക്ഷിക്കില്ല.

ഇവിടെ നിങ്ങൾ കുട്ടികൾ സന്മുഖത്തിരിക്കുന്നു. നിങ്ങളുടെ ലൗകീക സംബന്ധം ആരുമായുമില്ല. ബുദ്ധി പറയുന്നു നമ്മൾ ബാബയോടൊപ്പം മുക്തീധാം–ശാന്തീധാമിൽ പോകും എന്ന്. അതി രാവിലെ ഉണർന്ന് ഇങ്ങിനെ ഇങ്ങിനെ വിചാരസാഗരമഥനം ചെയ്യണം. ഇരിക്കുന്നതിലൂടെ വളരെ സന്തോഷം അനുഭവപ്പെടും. ഇപ്പോൾ ഏത് ഭാഗത്തേക്ക് പോകണം? നരകത്തിന്റെ ഭാഗത്തേക്ക് എന്തിന് പോകണം? ഈ മായ വളരെ വലിയ ചതി ചെയ്യുന്നു. ഇപ്പോൾ നിങ്ങൾക്ക് പക്ക ഉദ്ദേശ്യ ലക്ഷ്യമുണ്ട്. ഇപ്പോൾ നിങ്ങൾ തീരത്താണ്, ഈ ഭാഗത്ത് ദു:ഖം മാത്രമാണ്, ആ ഭാഗത്ത് 21 ജന്മം സുഖവും എന്ന് മനസിലാക്കുന്നു. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ കാരണം എന്റെ അടുക്കൽ വരണം. മായ പറയുന്നു ലോകത്തിന്റെ ഭാഗത്തേക്ക് പോകൂ. എവിടെ പോകും? വഴി ലഭിച്ചു. ഒരു ഭാഗത്ത് സ്വർഗത്തിലേക്ക് പോകാനുള്ള വഴിയും, മറുഭാഗത്ത്

നരകത്തിലേക്ക് പോകാനുള്ള വഴിയും. മുക്കവലയാണല്ലോ. മൂന്ന് വഴികൾക്കിടയിലാണ് കവലയുള്ളത്. ഇപ്പോൾ നമ്മൾ ഏത് ഭാഗത്തേക്ക് പോകും? ഒരു വഴി മുക്തിയുടേതാണ്, രണ്ടാമത്തേത് ജീവന്മുക്തിയുടെ മറ്റൊന്ന് നരകത്തിന്റെ. മൂന്ന് നദികളുടെ സംഗമം പോലെ, മൂന്ന് റോഡുകളുണ്ട്. ഒരു റോഡിൽ നമ്മളുണ്ട്. കവലയോടുള്ള ഉപമ നല്ലതാണ്. ഇപ്പോൾ എങ്ങോട്ട് പോകും? നരകത്തിന് വിനാശം ഉണ്ടാകേണ്ടതാണ്. ഇവിടെ വളരെ ദു:ഖമാണ്. ഇപ്പോൾ നമ്മൾ കവലയിൽ നിൽക്കുന്നു. പിന്നോട്ട് പോകില്ല.

ബാബ നമ്മെ ദു:ഖത്തിന്റെ പാതയിൽ നിന്ന് മൂന്നും കൂടിയ വഴിയിൽ നിർത്തിയിരിക്കുന്നു. ദു:ഖധാമിന്റെ പാതയിലൂടെ ജന്മജന്മാന്തരം താണ്ടി വന്നിരിക്കുന്നു. ഇപ്പോൾ ബുദ്ധി പറയുന്നു മുക്തീ-ജീവന്മുക്തിയുടെ ഭാഗത്തേക്ക് പോകാം. മുക്തീധാമിൽ സദാകാലത്തേക്ക് ഇരിക്കാൻ സാധിക്കില്ല. ഞങ്ങൾക്ക് പാർട്ടിൽ നിന്ന് മുക്തരാകണം, വരുന്നേയില്ല, ഇത് സാധ്യമല്ല. പാർട്ടിൽ നിന്ന് മോചിതരാകുക സാധ്യമല്ല. തീർച്ചയായും ഡ്രാമയനുസരിച്ച് വരിക തന്നെ ചെയ്യും. പിന്നീട് കൊതുകിൻ കൂട്ടത്തേ പോലെ ചത്തൊടുങ്ങും. ഇത്രയും ദു:ഖം അനുഭവിച്ചു എങ്കിൽ വീണ്ടും അത്രയും സുഖവും അനുഭവിക്കുകയും വേണം. ഡ്രാമയിൽ ബാബ ശരിയായ രീതിയിലാണ് പാർട്ടുകൾ വെച്ചിരിക്കുന്നത്, ആരുടെ പാർട്ടാണോ വളരെ കുറച്ച് അവർ ഒന്നോ രണ്ടോ ജന്മത്തേക്ക് വരുന്നു, പോകുന്നു. ഇപ്പോൾ നിങ്ങൾ വഴിക്കവലയിൽ നിൽക്കുന്നു. ഇത് ശാന്തീധാം, അത് മുക്തീധാം. ശാന്തീധാമിൽ പോകാൻ ആഗ്രഹിക്കുന്നു എങ്കിൽ ശാന്തീധാമിനെ ഓർമ്മിച്ചു കൊണ്ടിരിക്കൂ. മുക്തിയേയും ഓർമ്മിക്കേണ്ടതുണ്ടല്ലോ. പിറകിൽ വരുന്നവർക്ക് മുക്തീധാമിൽ കൂടുതൽ സമയം ഇരിക്കേണ്ടത് കൊണ്ട് അവർക്ക് കൂടുതൽ ഓർമ്മ മുക്തീധാമിനെ ആയിരിക്കും. നിങ്ങൾക്ക് ജീവന്മുക്തീ ധാമിന്റെ ഓർമ്മ വരണം, ഞങ്ങൾക്ക് വേഗം സ്വർഗത്തിൽ പോകണം. ഞങ്ങൾ മുക്തിയിൽ ഇരിക്കും എന്നാണ് അവർ ആഗ്രഹിക്കുന്നത്. ശരി, ബാബയേ ഓർമ്മിച്ച് കൊണ്ടിരിക്കൂ അതിലും മംഗളമുണ്ട്. നിർവ്വാണധാമിൽ വസിക്കാൻ ആഗ്രഹിക്കുന്നു, സുഖധാമിൽ വരാൻ ആഗ്രഹിക്കുന്നില്ല, ഇവരുടെ പാർട്ട് കാണുന്നില്ല എന്ന് ഇതിൽ നിന്ന് മനസിലാക്കാം. സുഖധാമിൽ പോകാൻ ആഗ്രഹിക്കുന്ന നിങ്ങൾ വഴി ക്കവലയിൽ നിൽക്കുന്നു. പുരുഷാർത്ഥം ചെയ്യുന്നു.

മനുഷ്യർക്ക് നിങ്ങളുടെ സത്യമായ യോഗം ഇഷ്ടപ്പെടും. ശരി, ബാബയേ ഓർമ്മിച്ച് കൊണ്ടിരിക്കൂ. ചക്രത്തേ പോലും ഓർമ്മിക്കേണ്ട കാര്യമേ ഇല്ല. ഈ ജ്ഞാനം എല്ലാ ധർമ്മത്തിൽ പെട്ടവർക്കും വേണ്ടിയാണ്. ഡ്രാമയനുസരിച്ച് ആര് എത്ര എടുത്തുവോ അവർ തന്നേയാണ് വന്ന് തന്റെ പദവി എടുക്കുന്നത് എന്ന് മനസിലാക്കുന്നു. മുക്തീധാമിൽ പോകാൻ ആഗ്രഹിക്കുന്നു എങ്കിൽ ബാബയെ ഓർമ്മിക്കൂ. ഞങ്ങൾ സദാകാലത്തേക്ക് സുഖികളായി ഇരിക്കണം എന്നാഗ്രഹിക്കുന്നു എങ്കിൽ അവിടെ ശാന്തിയും ഉണ്ട് സുഖവും ഉണ്ട്. ആര് ഏത് ഭാഗത്തേക്ക് പോകുന്നുവോ അവർക്ക് ആ സമ്പത്ത് എടുക്കണം. സർവ്വർക്കും മുക്തീ-ജീവന്മുക്തീ ദാതാവ് ബാബ തന്നേയല്ലേ. ഒന്നോ രണ്ടോ ജന്മമാണ് എടുക്കുന്നതെങ്കിൽ അതിൽതന്നെ സുഖവും കാണും ദു:ഖവും കാണും .കൊതുകുകൾ വന്നു പോയി എന്ന പോലെ. അത് അമൂല്യ ജന്മം എന്ന് പറയില്ല. നിങ്ങൾ സദാ ഹർഷിതരായി ഇരിക്കുന്നവരാണ്. നിങ്ങൾ ലൈറ്റ്ഹൗസായി നിൽക്കുന്നു. രണ്ട് വഴികളും കാണിക്കാൻ സാധിക്കും. മുക്തീധാമാകട്ടെ മുക്തീ-ജീവന്മുക്തിയാകട്ടെ, രണ്ടും ഓർമ്മിക്കൂ. ഇതിൽ ശാസ്ത്രങ്ങൾ എന്നിവ പഠിക്കേണ്ട കാര്യമില്ല. കുമാരിമാർക്ക് വളരെ സഹജമാണ്, കാരണം പടികൾ കയറിയിട്ടില്ല. ബാല്യ കാലത്ത് പഠനം നന്നായിരിക്കും കാരണം ബുദ്ധി നല്ലതായിരിക്കും. ആരുടേയും ഓർമ്മയുണ്ടാകില്ല. നിങ്ങളെല്ലാം കുമാരിമാരാണ്, നിങ്ങൾക്ക് മറ്റൊന്നും ചെയ്യേണ്ടതില്ല, പഠിത്തത്തിൽ മാത്രം മുഴുകൂ, മതി തോണി മറുകരയെത്തും. ആരാണോ നമ്മളെ വീണ്ടും സ്വർഗത്തിന്റെ അധികാരിയാക്കുന്നത് ആ പരിധിയില്ലാത്ത അച്ഛൻ തന്നേയാണ് ഈ കാര്യങ്ങളെല്ലാം മനസിലാക്കി തരുന്നത്. ഞങ്ങൾക്ക് ഇങ്ങിനെ ആയി തീരണം എന്ന് ചിത്രങ്ങളും ഉണ്ട്. ബാബ പറയുന്നു ഈ പഠിത്തത്തിലൂടെ നിങ്ങൾ ദേവതമാരായി തീരുന്നു. ഇപ്പോൾ ഈ കളി പൂർത്തിയാകണം. മനുഷ്യർ ഘോരാന്ധകാരത്തിൽ പെട്ടിരിക്കുന്നു. നിങ്ങളിപ്പോൾ ഉറക്കത്തിലാണ്. ബാബ വന്ന് ഉറക്കത്തിൽ നിന്ന് ഉണർത്തി. ബുദ്ധിയേയും, ആത്മാവിനേയും ഉണർത്തി കൊണ്ടിരിക്കുന്നു. ബാബ വന്ന് ഉണർത്തുന്നു - ഉണരൂ, സുഖധാമിന് വേണ്ടി പുരുഷാർത്ഥം ചെയ്യൂ. ആരാണോ നിങ്ങളുടെ കുലത്തിൽ പെട്ടവർ അവർ വന്ന് കൊണ്ടിരിക്കും, വൃദ്ധി പ്രാപിച്ച് കൊണ്ടിരിക്കും. നിങ്ങളുടെ പ്രജ എത്ര ഉണ്ടാകുന്നു, നിങ്ങൾക്ക് കണക്കെടുക്കാൻ സാധിക്കുമോ? ഇല്ല. ചിലർ എത്രമാത്രം കേൾക്കുന്നു, ചിലർ കുറച്ച് കേട്ട് പോകുന്നു. കണക്ക് ഒട്ടും തന്നെ എടുക്കാൻ സാധിക്കില്ല വലിയ മാല, ചെറിയ മാല, സമ്പന്നർ, പ്രജ എങ്ങിനെ ഉണ്ടാകുന്നു, ആരാകുന്നു, അവയെല്ലാം ബുദ്ധിയിലുണ്ട്. മുഖ്യ സൂര്യവംശീ മഹാരാജാ-മാഹാറാണി ആരാകും, പിന്നീട് ചന്ദ്രവംശിയാരാകും, എത്ര പ്രജ ഉണ്ടാകണം - എല്ലാ കാര്യങ്ങളും നിങ്ങൾക്കിവിടെ പറഞ്ഞ് തരുന്നു. മുഴുവൻ വൃക്ഷവും അഥവാ മുഴുവൻ ധർമ്മങ്ങളുടെ ചക്രത്തിന്റെ ഇടയിൽ നിന്ന് എങ്ങിനെ കൊമ്പുകളും ചില്ലകളും, ഇലകളും മറ്റും വരുന്നു, ഇപ്പോഴും ഇലകൾ വന്ന് കൊണ്ടിരിക്കുന്നു.

അവിടെ നിരാകാരീ ലോകം പൂർണമായും കാലിയാകും പിന്നീട് വിനാശം ഉണ്ടാകും. മഹായുദ്ധത്തിൽ കോടികണക്കിന് മരണമടയും, എണ്ണമറ്റവർ. ഇവിടെ എത്ര നാശം ഉണ്ടാകും. ബാക്കി കുറച്ച് പേർ വന്ന് രാജ്യം ഭരിക്കും. ഇപ്പോൾ എത്ര മനുഷ്യരാണ്. അന്നവും അത്രയും ഇല്ല.

നിങ്ങൾ കുട്ടികൾക്കറിയാം – ബാബ വരുന്നത് തന്നെ സംഗമത്തിലാണ് എന്ന്. ബാബ മനസിലാക്കി തരുന്നു – കുട്ടികളേ, ശരീര നിർവ്വഹണാർത്ഥം കർമ്മം ചെയ്യുക തന്നേ വേണം. ഓരോ കാര്യത്തിലും അഭിപ്രായം ചോദിച്ച് പോകൂ. ഓരോരുത്തരുടെ കണക്കും അവരവരുടേതാണ്. അവിനാശീ സർജനിൽ നിന്ന് ശ്രീമതം എടുത്ത് പോകൂ. എല്ലാവർക്കും അവരവരുടെ മരുന്ന് പറഞ്ഞ് തന്ന് കൊണ്ടിരിക്കും. മനസിലാക്കി തരുന്നു – ഈ ലോകം അവസാനിച്ച് കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ബാബയേ ഓർമ്മിക്കുകയാണെങ്കിൽ തോണി മറുകരയെത്തും. നരകത്തിന്റെ വിനാശം ചെയ്ത് സ്വർഗത്തിന്റെ സ്ഥാപന ചെയ്യുന്നതിനാണ് ബാബ വരുന്നത് തന്നെ. ഞങ്ങൾ നിങ്ങൾക്കും വഴി കാണിച്ചുതരുന്നു, ശ്രീ ശ്രീയിൽ നിന്ന് ലഭിക്കുന്ന ശ്രീമതം ഞങ്ങൾ നിങ്ങൾക്കും നൽകുന്നു. ബാബ പറയുന്നു നിങ്ങൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ സ്വർഗത്തിന്റെ അധികാരിയാകും. ശരി !

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം –

1) സേവനത്തിൽ താൽപ്പര്യം വെക്കണം. രോഗാവസ്ഥയിലും ബാബയുടെ ഓർമ്മയിൽ ഇരിക്കുകയും മറ്റുള്ളവരേ ഓർമ്മിപ്പിക്കുകയും വേണം. വായിലൂടെ ജ്ഞാന ദാനം ചെയ്ത് കൊണ്ടിരിക്കണം..

2) പക്കാ ഒന്നാനമ്മയുടെ കുട്ടിയാകണം, അതായത് ഒരേയൊരു ബാബയുടെ ഓർമ്മയിൽ ഇരിക്കണം. അതി രാവിലെ ഉണർന്ന് വിചാര സാഗര മഥനം ചെയ്യണം. മറ്റ് ആരുടെ ഓർമ്മയും വരരുത്.

## വരദാനം:– തന്റെ ശുഭവും ശക്തിശാലിയുമായ ഭാവനകളിലൂടെ വിശ്വ പരിവർത്തനം ചെയ്യുന്ന വിശ്വമംഗളകാരികളായി ഭവിക്കട്ടെ.

താങ്കൾ കുട്ടികളുടെ മനസ്സിൽ സദാ ഈ ശുഭഭാവനയാണുള്ളത് അതായത് സർവ്വരുടെയും മംഗളമുണ്ടാകട്ടെ. ഓരോ ആത്മാവും അനേക ജന്മം സുഖിയായിരിക്കട്ടെ, പ്രാപ്തികളാൽ സമ്പന്നരായിരിക്കട്ടെ. താങ്കളുടെ ഈ ശുഭവും ശക്തിശാലിയുമായ ഭാവനയുടെ ഫലം വിശ്വത്തിലെ ആത്മാക്കളെ പരിവർത്തനം ചെയ്തുകൊണ്ടിരിക്കുകയാണ്, മുമ്പോട്ട് പോകവേ പ്രകൃതി സഹിതം പരിവർത്തനപ്പെടും, എന്തുകൊണ്ടെന്നാൽ താങ്കൾ സംഗമയുഗീ ശ്രേഷ്ഠാത്മാക്കൾക്ക് ഡ്രാമയനുസരിച്ച് പ്രത്യക്ഷഫലം പ്രാപ്തമാകുന്നതിന്റെ വരദാനമുണ്ട്. അതിനാൽ ഏത് ആത്മാക്കളായാലും താങ്കളുടെ സംബന്ധ–സമ്പർക്കത്തിൽ വന്നാൽ അവർ അപ്പോൾ തന്നെ ശാന്തിയുടെയും സ്നേഹത്തിന്റെയും ഫലത്തിന്റെ അനുഭൂതി ചെയ്യുന്നു.

## സ്ലോഗൻ:– ത്രികാലദർശി സ്ഥിതിയിൽ സ്ഥിതി ചെയ്ത് നിർണ്ണയം ചെയ്യൂ എങ്കിൽ ഓരോ കർമ്മത്തിലും സഫലത ലഭിക്കും.